# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം .2102 07.07.2015 ൽ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്ന മേഖലകൾ

| | | |
|---|---|---|
| (എ) | നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം മേഖല കൾക്കാണ് പ്രാമുഖ്യം നൽകി യിരിക്കുന്നതെന്ന് വ്യക്തമാ ക്കുമോ; | നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷി, അടിസ്ഥാന സൗകര്യ വികസനം, സമ്പൂർണ്ണ ആരോഗ്യ കേരളം, ഡിജിറ്റൽ കേരള, എല്ലാവർക്കും പാർപ്പിടം, വ്യവസായ തൊഴിൽ സംരംഭങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നീ ഏഴ് മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. |
| (ബി) | ഓരോമേഖലയിലും നടപ്പാ ക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി കൾ ഏതെല്ലാമെന്ന് വ്യക്ത മാക്കുമോ; | പ്രസ്തുത മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ ധനസമാഹ രണം എപ്രകാരമെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തിന് സമാഹരിക്കുവാൻ കഴിയുന്ന വിഭവങ്ങളുടെ അടിസ്ഥാന ത്തിലുള്ള പദ്ധതികൾക്കാണ് ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. വിഭവ സമാഹരണ മാർഗ്ഗങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കിക്കൊണ്ട് പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതാണ്. സാധാരണ വിഭവ സമാഹരണ മാർഗ്ഗങ്ങൾ കൂടാതെ അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട് വായ്പകൾ എടുത്തും വികസനേതര ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായുള്ള ധനസമാഹരണം നടത്തുന്നതാണ്. ഇതിനു പുറമേ നൂതന സാമ്പത്തിക ഉപകരണങ്ങളായ Alternative Investment Fund, InVIT, എന്നിവ മുഖേനയും General |

| | | |
|---|---|---|
| | | Obligation Bond കൾ ഉപയോഗപ്പെടുത്തിയും വികസന ത്തിനാവശ്യമായ പണം കണ്ടെത്തും. അടിസ്ഥാന സൗകര്യ വളർച്ചയ്ക്ക് ഊർജ്ജസ്വലമായ പിന്തുണ നൽകാൻ . പ്രാപ്തമായ സംവിധാനമായി KIIFB നെ ഉയർത്തുന്നതിന് ബന്ധപ്പെട്ട ആക്ടിൽ ഉചിതമായി ഭേദഗതികൾ വരുത്തും. കൂടാതെ വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതിനായി സർക്കാർ ഏജൻസികളായ കേരള റോഡ് ഫണ്ട് ബോർഡ്, KSIDC, കിൻഫ്ര എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്തും. |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

## കൃഷി

- റബ്ബർ വിലസ്ഥിരത ഫണ്ട് രൂപീകരിക്കും.
- നെല്ലു സംഭരിച്ചു കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ തന്നെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കും.
- കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കും.
- നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നീരാ ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കും.
- നീര ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതു ചടങ്ങുകളിലും സർക്കാർ അതിഥി മന്ദിരങ്ങളിലും പാക്കുചെയ്ത നീര ഒരു പാനീയമായി ഉൾപ്പെടുത്തും.
- സംസ്ഥാനത്തെ ഓരോ നാളികേര ഉത്പാദക കമ്പനിക്കും കെട്ടിട, യന്ത്ര സാമിഗ്രികൾക്ക് സഹായ ധനമായി ചെലവിന്റെ 25 ശതമാനമോ 50 ലക്ഷം രൂപയോ ഏതാണോ കൂടതൽ അത് നൽകും.
- കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25% മൂലധന സഹായമായി കർഷക ഉൽപ്പാദക കമ്പനികൾക്ക് നൽകും.
- തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾക്കുള്ള പ്ലാന്റേഷൻ നികുതി പൂർണ്ണമായി ഒഴിവാക്കും.
- 01.04.2015 ന് ശേഷം ഉൽപാദനം തുടങ്ങുന്ന റബ്ബർ ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളിൽ 75 ശ തമാനത്തിലധികം മൂല്യ വർദ്ധന യുള്ളവയ്ക്ക് പലിശ സബ്സിഡി നൽകും.
- കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.
- തേനുല്പാദനം വർദ്ധിപ്പിക്കുന്നതിനു 'ഹണി മിഷൻ' സ്ഥാപിക്കും.

## അടിസ്ഥാന സൗകര്യ വികസനം

- അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലവിലുള്ള പോരായ്മ കണ്ടെത്താൻ ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ളാൻ 2030 എന്ന പേരിൽ പദ്ധതി തയ്യാറാക്കും.
- പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 കോടി രൂപ നൽകും.
- വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 600 കോടി രൂപ വകയിരുത്തും.
- കൊച്ചി മെട്രോ റെയിൽ പദ്ധതികൾ നടത്തിപ്പിന് സംസ്ഥാന വിഹിതമായി 940 കോടി രൂപ വകയിരുത്തും.

- കോഴിക്കോട്- തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളങ്ങളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കും.
- അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് (DFIP) നടപ്പിലാക്കും.

**സമ്പൂർണ്ണ ആരോഗ്യ കേരളം**

- സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പദ്ധതി നടപ്പിലാക്കും. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർ ട്രസ്റ്റികളും ആയുള്ള സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പേരിൽ ഒരു ട്രസ്റ്റ് ഈ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിക്കുന്നതാണ്.

**ഡിജിറ്റൽ കേരള**

- സാദ്ധ്യമായ എല്ലാ സേവനങ്ങളും ഓൺലൈനിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റും.
- കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഫൈബർ ഒപ്റ്റിക്കിലൂടെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കും.
- 2012 സേവനാവകാശ നിയമ പ്രകാരം വിവിധ വകുപ്പുകളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സാധ്യമായ എല്ലാ സേവനങ്ങളും മൂന്നു വർഷത്തിനുള്ളിൽ പൂർണ്ണമായും ഓൺലൈനായി ലഭ്യമാക്കും.
- സേവനവകാശ നിയമ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത സേവനങ്ങളുടെ പകുതി സേവനങ്ങൾ എങ്കിലും ഈ വർഷം ഓൺലൈൻ വഴി നൽകുന്ന സർക്കാർ വകുപ്പുകൾക്ക് അവാർഡ് ഏർപ്പെടുത്തും.
- ഇ-ഗവണൻസ് രംഗത്തെ നൂതന ആശയങ്ങളെ പരിപോക്ഷിപ്പിക്കുന്നതിനായി ഒരു e-Governance Innovation Fund (E-GIF) രൂപീകരിക്കും.
- സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറും.
- ഈ വർഷം തന്നെ പ്രധാന വകുപ്പുകളുടെ സംസ്ഥാന, ജില്ലാതല ഓഫീസുകളിലേയ്ക്ക് ഇ- ഓഫീസ് വ്യാപിപ്പിക്കും.
- അത്യാധുനിക ICT സംവിധാനങ്ങളുള്ള State of the art Smart Classroom സജ്ജീകരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ Smart Classroom ശൃംഖല സ്ഥാപിക്കുന്നതിനുള്ള ഒറ്റത്തവണ സഹായമായി 1കോടി രൂപ അനുവദിക്കും.
- വെർച്ച്വൽ ഐ.റ്റി കേഡറിന്റെ പ്രവർത്തനം എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിക്കും.
- വെർച്ച്വൽ ഐ.റ്റി കേഡറിൽ ഉൾപ്പെടുത്തുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകി ഉയർന്ന തലത്തിലുള്ള ഐ.റ്റി പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കും.
- തെരഞ്ഞെടുത്ത നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് സഹായം നൽകും.

**എല്ലാവർക്കും പാർപ്പിടം**

- സംസ്ഥാനത്തെ 1.75 ലക്ഷം കുടുംബങ്ങൾക്ക് വേണ്ടി മൂന്ന് പുതിയ പാർപ്പിട പദ്ധതികൾ ആരംഭിക്കും.
- ജില്ലാ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് ബി.പി.എൽ കുടുംബങ്ങൾ ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ബാങ്കിൽ നിന്നും പണം ലഭ്യമാക്കുവാൻ സർക്കാർ ഗ്യാരണ്ടി നൽകും.
- നേരിട്ട് മുതലും പലിശയും ബാങ്കിലടയ്ക്കുന്നതിന് ഓരോ ജില്ലാ ഹൗസിംഗ് സൊസൈറ്റിക്കും സർക്കാർ ബഡ്ജറ്റിൽ നിന്നും സഹായം നൽകു.
- ഭൂരഹിതരായ ബി.പി.എൽ കുടുംബങ്ങൾക്കും താഴ്ന്ന വരുമാനക്കാരായ കുടുംബാങ്ങൾക്കും 75000 ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ബാങ്കുകളുടെ സഹകരണത്തോടെ പുതിയ സംയോജിത ഭവന പദ്ധതി ആരംഭിക്കും.
- സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും ഓരോ വാർഡിലും ഒരു വീട് നൽകുവാനുദ്ദേശിച്ചുകൊണ്ട് ഒരു സവിശേഷ ഭവന പദ്ധതി ആരംഭിക്കും.
- ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പൂർണ്ണതോതിൽ ഈ വർഷവും നടപ്പിലാക്കുന്നതാണ്.
- ഗൃഹശ്രീ ഹൗസിംഗ് പദ്ധതിയിൻ കീഴിൽ 1500 വീടുകൾ നിർമ്മിക്കുന്നതിനായി 20 കോടി രൂപ അധികമായി അനുവദിക്കും.
- സൗഭാഗ്യ ഭവന പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തും.
- മേൽ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പെട്രോളിനും ഡീസലിനും ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക നികുതി ഏർപ്പെടുത്തും.

**വ്യവസായ തൊഴിൽ സംരംഭങ്ങൾ**

- വിവിധ സർക്കാർ ഏജൻസികളുടേയും, ബാങ്കുകളുടേയും സഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സമഗ്രമായ ദിശാബോധം നൽകുന്നതിനായി Comprehensive Mission on Employment Generation (MEGA) എന്ന പദ്ധതി നടപ്പിലാക്കും.
- എല്ലാ ജില്ലകളിലും ബിസിനസ്സ് ഇൻകുബേറ്ററുകൾ, എല്ലാ സെക്ടറുകളിലും ടെക്നോളജി ഇൻകുബേറ്ററുകൾ എന്നിവ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കും.
- വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട ധനസമാഹരണത്തിന് സഹായം നൽകാൻ ഒരു Incubation Infrastructure Development Fund രൂപീകരിക്കും.
- സംസ്ഥാനത്തെ സർവ്വകലാശാലകളിൽ Incubation Support Centres തുടങ്ങുന്നതിന് സർവ്വകലാശാലയ്ക്കുള്ള പതിവ് വിഹിതത്തിനു പുറമേ 1 കോടി രൂപ വീതം ആകെ 11 കോടി രൂപ വകയിരുത്തും.
- സ്റ്റാർട്ടപ്പുകൾക്ക് 'Performance Linked Support Scheme' എന്ന ഒരു പുതിയ പദ്ധതി ആരംഭിക്കും.

- യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% വരെ പങ്കാളിത്ത സഹായം നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കും.
- വിദ്യാർത്ഥി സംരംഭകർക്കിടയിൽ പേറ്റന്റ് നേടുന്നവർക്ക് പേറ്റന്റിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിയുടെ നടത്തിപ്പിനായി ബാങ്ക് വായ്പയുടെ പലിശക്ക് 5 വർഷത്തേയ്ക്ക് സബ്സിഡി നൽകും.
- പേറ്റന്റ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പ്രതിവർഷം 3 ലക്ഷം രൂപ ഉന്നത വിദ്യാഭ്യാസത്തിനായോ ഗവേഷണത്തിനായോ പരമാവധി 3 വർഷം വരെ നൽകും.
- കേരള സംസ്ഥാന സംരംഭക വികസനപദ്ധതി പ്രകാരം സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവർക്ക് വായ്പാപരിധി 10 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായും മറ്റു സംരഭകർക്കായുള്ള വായ്പ 4 ലക്ഷത്തിൽ നിന്നും 7 ലക്ഷമായും ഉയർത്തും.
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ സ്വകാര്യ നിക്ഷേപം കൊണ്ടുവരുന്ന മൂന്ന് മികച്ച ഗ്രാമ പഞ്ചായത്തുകൾക്ക് യഥാക്രമം 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്ന ക്രമത്തിൽ വികസന ഗ്രാന്റ് അനുവദിക്കും.
- സ്ത്രീ സംരംഭകർക്കായി ഒരു പലിശ സമാശ്വാസ പദ്ധതി ആരംഭിക്കും.

**<u>ക്ഷേമ പ്രവർത്തനങ്ങൾ</u>**

- ക്ഷേമപെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിക്ക് മുൻപ് ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് നൽകും.
- 80 വയസ്സിനുമേൽ പ്രായമുള്ള സംരക്ഷിക്കാൻ ആരുമില്ലാത്ത വരുടെ ജീവിതം, താമസം, ആരോഗ്യ പരിപാലന ചെലവുകൾ എന്നിവ സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ചേർന്ന് വഹിക്കുന്ന ഒരു വയോജന സംരക്ഷണ പദ്ധതി Elder Citizen Care Programme ആരംഭിക്കും.
- വിവിധ ക്ഷേമപദ്ധതികൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ ലഭിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷമായി ഉയർത്തും.
- സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾക്കായി 90% ഇൻഷുറൻസ് പ്രീമിയം സർക്കാർ വഹിക്കുന്ന ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കും.
- 2009 ന് മുൻപ് റിട്ടയർ ചെയ്ത മുതിർന്ന പത്ര പ്രവർത്തകരെയും ക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തും.
- വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് അനുവദിക്കുന്ന ധനസഹായം 30000 രൂപയിൽ നിന്നും 50000 രൂപയായി വർദ്ധിപ്പിക്കും.

അക്കൗണ്ട്സ് ഓഫീസർ